**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുട്ടമ്പേരൂർ ഹരിത ജലോത്സവത്തിന് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2675/2019/ത.സ്വ.ഭ.വ** തിരുവനന്തപുരം,
തീയതി, 27/11/2019

---

പരാമർശം:-ശ്രീ സജി ചെറിയാൻ എംഎൽഎ (ചെങ്ങന്നൂർ) 29/9/2019 ൽ സമർപ്പിച്ച കത്ത്.

**<u>ഉത്തരവ്</u>**

ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ പടിഞ്ഞാറേ അതിരിലൂടെയും മാന്നാർ, ചെന്നിത്തല പഞ്ചായത്തുകളുടെ കിഴക്കേ അതിരിലൂടെയും ഒഴുകുന്ന കുട്ടംപേരൂർ ആറിന്റെ 50 മീറ്റർ വീതിയിൽ പുനർ നിർമാണങ്ങൾ നടക്കുകയാണെന്നും ഈ ജനകീയ പ്രവർത്തനങ്ങൾക്ക് ജനശ്രദ്ധ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ ചുണ്ടൻവള്ളങ്ങളെയും മറ്റും പങ്കെടുപ്പിച്ച് ഹരിത ജലോത്സവം സംഘടിപ്പിക്കാൻ ബുധനൂർ ,മാന്നാർ ,ചെന്നിത്തല ഗ്രാമപഞ്ചായത്തുകളും ചെങ്ങന്നൂർ ,മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് ഭാരവാഹികളും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഭാരവാഹികളും കൂടി തീരുമാനിച്ചതായും ആയതിന് ബുധനൂർ, മാന്നാർ, ചെന്നിത്തല ഗ്രാമപഞ്ചായത്തുകളും ചെങ്ങന്നൂർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തുകളും 50,000/- രൂപ വീതവും ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയും ജലോത്സവത്തിന് സംഭാവനയായി നൽകുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ശ്രീ സജി ചെറിയാൻ എംഎൽഎ (ചെങ്ങന്നൂർ) പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബുധനൂർ, മാന്നാർ, ചെന്നിത്തല ഗ്രാമപഞ്ചായത്തുകളും ചെങ്ങന്നൂർ, മാവേലിക്കര ബ്ലോക്ക് പഞ്ചായത്തുകളും 50,000/-രൂപയും (അമ്പതിനായിരം രൂപ) ആലപ്പുഴ ജില്ലാ പഞ്ചായത്ത് 1,00,000/- രൂപയിൽ (ഒരു ലക്ഷം രൂപ) അധികരിക്കാത്ത തുകയും, അതാത് സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും, കമ്മിറ്റി തീരുമാനത്തിന് വിധേയമായി,ജലോത്സവത്തിന് സംഭവമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ .

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ